**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6434** **10-07-2024 - ൽ മറുപടിയ്ക്ക്**

**പഴയ സിനിമകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയാളത്തിലെ പഴയ സിനിമകളുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന അറിയിക്കുമോ; | (എ) | മലയാളത്തിലെ പഴയ സിനിമകളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഡിജിറ്റൈസേഷൻ, റസ്റ്ററേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചലച്ചിത്ര അക്കാദമിയുടെ കൈവശമുണ്ടായിരുന്ന 106 സിനിമകളിൽ 19 എണ്ണത്തിന്റെ ഡിജിറ്റൈസേഷനും ഓളവും തീരവും, യവനിക, വാസ്തുഹാര, ഓർമ്മകളുണ്ടായിരിക്കണം, കാവ്യമേള, ഭൂതക്കണ്ണാടി എന്നിവയുടെ 2 K റെസല്യൂഷനിലുള്ള റസ്റ്ററേഷനും പൂർത്തിയായിട്ടുണ്ട്. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 101 സിനിമകൾ ചലച്ചിത്ര അക്കാദമി ഏറ്റെടുത്ത് റസ്റ്ററേഷൻ നടത്തുന്നതിന് ധാരണയായിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പഴയകാല മലയാള സിനിമകളുടെ പിക്ചർ/സൗണ്ട് നെഗറ്റീവുകൾ സൂക്ഷിച്ചിട്ടുള്ളത് സംരക്ഷിക്കുന്നതിന് വേണ്ടി NFDC-NFAI-ക്ക് കൈമാറുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. |
| (ബി) | പഴയ മലയാള ചലച്ചിത്രങ്ങൾ പുതുതലമുറയ്ക്ക് കൂടി ആസ്വദിക്കുവാൻ ഡിജിറ്റലാക്കി സൂക്ഷിക്കുവാൻ ഫിലിം ലൈബ്രറി എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് ആർക്കൈവ്സിൽ ഡിജിറ്റൈസ് ചെയ്തതും റസ്റ്ററേഷൻ ചെയ്തതുമായ സിനിമകളുടെ കോപ്പികൾ സൂക്ഷിച്ചിട്ടുണ്ട്. പുതിയ തലമുറയ്ക്ക് ഇവ നിശ്ചിത തുക നൽകി അക്കാദമി ആസ്ഥാന മന്ദിരത്തിലെ തീയേറ്ററിൽ ആസ്വദിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സൂക്ഷിക്കുന്ന സിനിമകൾ ഡിജിറ്റലൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | അവ പുതുതലമുറക്ക് പരിചയപ്പെടുത്തുന്നതിന് വീണ്ടും പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ദൃശ്യങ്ങൾക്കും ശബ്ദത്തിനും മിഴിവ് വരുത്തി ചലച്ചിത്ര അക്കാദമി പുനരുദ്ധരിച്ച 6 സിനിമകളുടെ പ്രദർശനം |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | കേരളത്തിന് അകത്തും പുറത്തും വിവിധ സ്ഥലങ്ങളിലായി സംഘടിപ്പിച്ചുവരുന്നു. പഴയ മലയാള ചിത്രങ്ങൾ വീണ്ടും പ്രദർശിപ്പിക്കാനുള്ള നടപടികൾ ചലച്ചിത്ര അക്കാദമി സ്വീകരിച്ചിട്ടുണ്ട്. 2023 നവംബറിൽ നടന്ന കേരളീയം ചലച്ചിത്ര മേളയിൽ തീയേറ്ററിന്റെ ബിഗ് സ്ക്രീനിൽ 88 പഴയകാല മലയാള സിനിമകൾ ആസ്വദിക്കുവാനുള്ള അവസരം ഒരുക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ